# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5034 23.03.2018 -ലെ മറുപടി

### മേജർ ജലസേചന പ്രോജക്ടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | മാത്യു ടി. തോമസ്<br>ജലവിഭവ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| എ) | കേരളത്തിൽ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മേജർ ജലസേചന പ്രോജക്ടുകൾ ഏതു; | എ) | ഇരട്ട കല്ലാർ (Twin Kallar) വിവിധോദ്ദേശ പദ്ധതിയാണ് പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. |
| ബി) | അവയുടെ നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ? | ബി) | പമ്പ, അച്ചൻകോവിൽ എന്നീ നദികളിലെ ജലം ഉപയോഗപ്പെടുത്തി ജലസേചനവും വൈദ്യുതി ഉല്പാദനവും ലക്ഷ്യമിടുന്ന ഒരു വിവിധോദ്ദേശ പദ്ധതിയാണ് ഇരട്ട കല്ലാർ പദ്ധതി. രണ്ടു കല്ലാറുകളിലെയും ജലം ഉപയോഗിച്ച് 60 മെഗാ വാട്ട് വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിടുന്നത്. വൈദ്യുതി ഉല്പാദനത്തിനുശേഷം, അച്ചൻകോവിലാറിന്റെ വൃഷ്ടി പ്രദേശത്തുനിന്നും ഒഴുകിയെത്തുന്ന ജലവും ഉപയോഗിച്ച് അച്ചൻ കോവിൽ, മണിമല നദീതടങ്ങളിലെ 11322 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ